**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4950** — **01-11-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് എക്സ്ചേഞ്ച് തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | സെപ്റ്റംബർ 30 വരെ മലപ്പുറം ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 289689 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സ്ചേഞ്ച് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി നൽകുന്നു. |
| (ബി) | എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി നികത്തുന്ന നിയമനങ്ങൾക്ക് ഒരു ഒഴിവിന് എത്ര വീതം അപേക്ഷകരെ ആണ് പരിഗണിക്കുക എന്ന് അറിയിക്കാമോ; ഓരോ ഒഴിവിലേക്കും പരിഗണിക്കുന്ന അപേക്ഷകരുടെ അനുപാതം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്ന സ്ഥിരം ഒഴിവുകളിലേക്ക് ഓരോ സംവരണ വിഭാഗത്തിനും ബുക്ക് ചെയ്യുന്ന 1 മുതൽ 5 വരെയുള്ള ഒഴിവുകൾക്കു ഓരോന്നിനും ഒരു ഉദ്യോഗാർത്ഥിയെയും 6 മുതൽ 10 വരെയുള്ള ഒഴിവുകൾക്കു മൊത്തം 5 പേരെയും തുടർന്ന് വരുന്ന ഓരോ പത്ത് ഒഴിവുകൾക്കും അധികമായി ഒരാളെ വീതവും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് സബ്മിറ്റ് ചെയ്യുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ പ്രകാരം താൽക്കാലിക ഒഴിവുകൾക്ക് സബ്മിഷൻ അനുപാതം 1 : 9 ആകുന്നു. എന്നാൽ ഓരോ ജില്ലയിലേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററിന്റെ എണ്ണത്തിനും ഓഫീസുകളുടെ എണ്ണത്തിനും അനുപാത മായി സബ്മിഷൻ അനുപാതത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന താത്കാലിക ഒഴിവുകൾക്കു ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഒരു ഒഴിവിനു സബ്മിറ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അനുപാതം ചുവടെ ചേർക്കുന്നു. താത്കാലിക ഒഴിവുകൾക്കു ഓരോ സംവരണ വിഭാഗത്തിലെ ഒരോ ഒഴിവിനും ഒരു ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ കൂടി ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അധികമായി സബ്മിറ്റ് ചെയ്യുന്നു. ഒരു ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബുക്ക് ചെയ്യുന്ന താത്കാലിക ഒഴിവിനു ഏതെങ്കിലും സംവരണ വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമല്ലാതെ വന്നാൽ പ്രസ്തുത ഒഴിവു മേഖലാതലത്തിലും, മേഖലാതലത്തിലും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ |

| | | | |
|---|---|---|---|
| | | | വന്നാൽ ഒഴിവ് സംസ്ഥാനതലത്തിലും സർക്കുലേറ്റ് ചെയ്യുന്നു. ഇപ്രകാരം മേഖലാതലത്തിലും സംസ്ഥാനതലത്തിലും താൽക്കാലിക ഒഴിവുകൾ സർക്കുലേറ്റ് ചെയ്യുമ്പോൾ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചതു പോലെ സ്ഥിരം ഒഴിവുകൾക്കുള്ള സബ്മിഷൻ അനുപാതമാണ് പാലിച്ചു പോരുന്നത്. എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന താത്കാലിക ഒഴിവുകൾക്കു ഓരോ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഓരോ ഒഴിവിനു സബ്മിറ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അനുപാതം അനുബന്ധം II ആയി ചേർക്കുന്നു. പ്രൊഫഷണൽ & എക്സ്കൃൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ (പി&ഇ) റിപ്പോർട്ട് ചെയ്യുന്ന ഓരോ താല്ക്കാലിക ഒഴിവിനും അതാതു റീജിയനിൽ ഉദ്യോഗദായകൻ ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾക്കു ഒഴിവു റിപ്പോർട്ട് ചെയ്ത എക്സ്ചേഞ്ചിൽ നിന്നും ഒരൊഴിവിനു 9 പേരെയും അധികമായി ഒരു അഡീഷണൽ പി.എച്ച് നെയും സബ്മിറ്റ് ചെയ്യുന്നു. ഉദ്യോഗദായകൻ ഒരു റീജിയനിൽ മാത്രമേയുള്ളൂവെങ്കിൽ പ്രസ്തുത താല്ക്കാലിക ഒഴിവു മറ്റു രണ്ടു റീജിയനിലേക്കും സർക്കുലേറ്റ് ചെയ്യുകയും ഒഴിവു റിപ്പോർട്ട് ചെയ്ത പി&ഇ യിൽ നിന്നും ഒരൊഴിവിനു 5 പേരെയും മറ്റു രണ്ടു പി & ഇ യിൽ നിന്നും ഒരൊഴിവിനു രണ്ടു പേരെയും വീതം 5:2:2 അനുപാതത്തിൽ സബ്മിറ്റ് ചെയ്യുന്നു. കൂടാതെ ഓരോ പി & ഇ യിൽ നിന്നും ഓരോ താല്ക്കാലിക ഒഴിവിനും ഒരു അഡീഷണൽ പി.എച്ച് നെയും അധികമായി സബ്മിറ്റ് ചെയ്യുന്നു. പ്രൊഫഷണൽ & എക്സ്കൃൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യുന്ന സ്ഥിരം ഒഴിവുകൾക്കും മേൽ പ്രസ്താവിച്ച വിധത്തിലാണ് മൂന്ന് പി & ഇ യിൽ നിന്നും ഉദ്യോഗാർത്ഥികളെ സബ്മിറ്റ് ചെയ്ത് വരുന്നത്. സ്ഥിരം ഒഴിവുകൾക്കു അഡീഷണൽ പി.എച്ച് നെ നൽകുന്നില്ല. |
| (സി) | നിലമ്പൂർ ടൗൺ എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം മലപ്പുറം ജില്ലയിലെ മറ്റു എക്സ്ചേഞ്ചുകളെ അപേക്ഷിച്ച് ഇരട്ടിയിലധികം ആയതിനാൽ ഓരോ ഒഴിവിലേക്കും ഒന്നിൽ കൂടുതൽ അപേക്ഷകരെ നിലമ്പൂർ എക്സ്ചേഞ്ചിൽ നിന്നും പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തൊട്ടാകെ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ അവസരം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താത്കാലിക ഒഴിവുകളിലേക്കുള്ള സബ്മിഷൻ അനുപാതം 1 : 9 ആണ്. |
| (ഡി) | നിലമ്പൂർ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണം എത്ര ചതുരശ്ര അടി ആണെന്ന് അറിയിക്കാമോ; പുതുതായി ആരംഭിക്കുന്ന നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ പ്രസ്തുത | (ഡി) | നിലമ്പൂർ ടൗൺ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ച് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം ഏകദേശം 2200 ചതുരശ്ര അടി ആണ്. പുതുതായി ആരംഭിക്കുന്ന നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിനായി |

| | | | |
|---|---|---|---|
| | എക്സ്ചേഞ്ചിനായി നീക്കിവെച്ച സ്ഥലത്തിന്റെ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | | അനുവദിച്ചിരിക്കുന്നത് ഏകദേശം 1260 ചതുരശ്ര അടി ആണ്. |
| (ഇ) | പ്രസ്തുത എക്സ്ചേഞ്ചിന് നിലവിലുള്ളതിനേക്കാൾ കുറഞ്ഞ വിസ്തീർണ്ണം ആണ് പുതിയ കെട്ടിടത്തിന് ലഭ്യമാവുന്നതെങ്കിൽ ആയത് പരിഹരിച്ചില്ലെങ്കിൽ ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പ്രയാസമുണ്ടാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് അറിയിക്കാമോ? | (ഇ) | കൂടുതൽ സ്ഥലസൗകര്യം അനുവദിക്കണമെന്ന് നിലമ്പൂർ തഹസിൽദാർക്ക് വളരെ നേരത്തെ തന്നെ അപേക്ഷ കൊടുത്തിരുന്നെങ്കിലും ആയത് അനുവദിച്ച കിട്ടിയിട്ടില്ല. ഓഫീസിനായി അനുവദിച്ച കെട്ടിടത്തിനോടനുബന്ധിച്ചുള്ള പബ്ലിക് വെയിറ്റിംഗ് ഏരിയയിൽ രജിസ്ട്രേഷൻ ഹാളിനായി സ്ഥലം അനുവദിച്ച തരണമെന്ന് നിലമ്പൂർ തഹസിൽദാരോട് അപേക്ഷിച്ചതിനെത്തുടർന്ന് ടി ഏരിയയിൽ പൊതുജനങ്ങൾക്കും മറ്റ് ഓഫീസുകൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ 20 അടി നീളത്തിനും 14 അടി വീതിയിലും ഹാൾ നിർമ്മിക്കാൻ അനുവാദം ലഭിച്ചു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കിഫ്ബി ഓഫീസുകൾ ഒഴികെയുള്ളവയുടെ പാർട്ടീഷൻ വർക്കുകൾ കഴിയാത്ത തിനാൽ ഇപ്പോൾ രജിസ്ട്രേഷൻ ഹാൾ നിർമ്മിക്കുന്നത് മറ്റ് ഓഫിസുകളുടെ പാർട്ടീഷൻ വർക്കിനുള്ള സാധന സാമഗ്രികൾ കൊണ്ടു പോകുന്നതിന് തടസ്സമുണ്ടായേക്കാം എന്നതുകൊണ്ട് അവരുടെ പാർട്ടീഷൻ വർക്കുകൾ കഴിയുന്നതിനായി കാത്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്** | **ആകെ** | **പുരുഷന്മാർ** | **സ്ത്രീകൾ** |
|---|---|---|---|
| ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മലപ്പുറം | 95891 | 37212 | 58679 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തിരൂർ | 25082 | 8762 | 16320 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പൊന്നാനി | 19259 | 6499 | 12760 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പെരിന്തൽമണ്ണ | 28541 | 10819 | 17722 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് നിലമ്പൂർ | 69955 | 26223 | 43732 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തിരൂരങ്ങാടി | 32026 | 11691 | 20335 |
| ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കുറ്റിപ്പുറം | 18935 | 6859 | 12076 |
| **ആകെ** | **289689** | **108065** | **181624** |

Kavitha I

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | എക്സ്ചേഞ്ചിന്റെ പേര് | അനുപാതം |
|---|---|---|
| | **തിരുവനന്തപുരം ജില്ല** | |
| 1 | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം | 1 : 1 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര | 1 : 1 |
| 3 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം | 1 : 2 |
| 4 | റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കഴക്കൂട്ടം | 1 : 1 |
| 5 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആറ്റിങ്ങൽ | 1 : 1 |
| 6 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെടുമങ്ങാട് | 1 : 1 |
| 7 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാട്ടാക്കട | 1 : 1 |
| 8 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കിളിമാന്നൂർ | 1 : 1 |
| 9 | ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലോട് | 1 : 1 |
| 10 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നെയ്യാറ്റിൻകര | 1 : 2 |
| | **കൊല്ലം ജില്ല** | |
| 1 | കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | **1 : 2** |
| 2 | ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊല്ലം | **1 : 1** |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുണ്ടറ | **1 : 1** |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊട്ടാരക്കര | **1 : 1** |
| 5 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പരവൂർ | **1 : 1** |
| 6 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പുനലൂർ | **1 : 1** |
| 7 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുന്നത്തൂർ | **1 : 1** |
| 8 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കരുനാഗപ്പള്ളി | **1 : 1** |
| 9 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കടയ്ക്കൽ | **1 : 1** |

| | | |
|---|---|---|
| | **ആലപ്പുഴ ജില്ല** | |
| 1 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലപ്പുഴ | 1 : 2 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കായംകുളം | 1 : 2 |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചേർത്തല | 1 : 2 |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര | 1 : 1 |
| 5 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചെങ്ങന്നൂർ | 1 : 1 |
| 6 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുട്ടനാട് | 1 : 1 |
| | **പത്തനംതിട്ട ജില്ല** | |
| 1. | ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പത്തനംതിട്ട | 1 : 3 |
| 2 | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടൂർ | 1 : 3 |
| 3 | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവല്ല | 1 : 1 |
| 4 | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റാന്നി | 1 : 1 |
| 5 | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മല്ലപ്പള്ളി | 1 : 1 |
| | **കോട്ടയം ജില്ല** | |
| 1. | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം | 1 : 1 |
| 2. | ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം | 1 : 3 |
| 3. | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വൈക്കം | 1 : 2 |
| 4. | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാല | 1 : 1 |
| 5. | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാഞ്ഞിരപ്പള്ളി | 1 : 1 |
| 6. | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചങ്ങനാശ്ശേരി | 1 : 2 |
| | **എറണാകുളം ജില്ല** | |
| 1. | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം | 1 : 1 |
| 2. | ജില്ലാ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം | 1 : 1 |
| 3. | ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മൂവാറ്റുപുഴ | 1 : 1 |

| | | |
|---|---|---|
| 4. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആലുവ | 1 : 1 |
| 5. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നോർത്ത് പരവൂർ | 1 : 1 |
| 6. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,കൊച്ചി | 1 : 2 |
| 7. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുന്നത്തുനാട് | 1 : 1 |
| 8. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോതമംഗലം | 1 : 1 |
| 9. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൃപ്പൂണിത്തുറ | 1 : 1 |
| | **തൃശ്ശൂർ ജില്ല** | |
| 1. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൃശ്ശൂർ | 1 : 2 |
| 2. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇരിങ്ങാലക്കുട | 1 : 2 |
| 3. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലപ്പിള്ളി | 1 : 2 |
| 4. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കൊടുങ്ങല്ലൂർ | 1 : 1 |
| 5. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചാവക്കാട് | 1 : 1 |
| 6. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചാലക്കുടി | 1 : 1 |
| | **ഇടുക്കി ജില്ല** | |
| 1. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഇടുക്കി | 1 : 3 |
| 2. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പീരുമേട് | 1 : 1 |
| 3. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി | 1 : 1 |
| 4. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൊടുപുഴ | 1 : 4 |
| | **പാലക്കാട് ജില്ല** | |
| 1 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലക്കാട് | 1 : 3 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഷൊർണ്ണൂർ | 1 : 2 |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , ആലത്തൂർ | 1 : 2 |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , മണ്ണാർക്കാട് | 1 : 1 |
| 5 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , ചിറ്റൂർ | 1 : 1 |
| | **മലപ്പുറം ജില്ല** | |
| 1 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മലപ്പുറം | 1 : 3 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , തിരൂർ | 1 : 1 |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , തിരൂരങ്ങാടി | 1 : 1 |

| | | |
|---|---|---|
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , പൊന്നാനി | 1 : 1 |
| 5 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , പെരിന്തൽമണ്ണ | 1 : 1 |
| 6 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , കുറ്റിപ്പുറം | 1 : 1 |
| 7 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , നിലമ്പൂർ | 1 : 1 |
| **കോഴിക്കോട് ജില്ല** | | |
| 1. | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 1 : 1 |
| **2.** | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 1 : 4 |
| 3. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , കൊയിലാണ്ടി | 1 : 1 |
| 4. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് , വടകര | 1 : 2 |
| 5. | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, താമരശ്ശേരി | 1 : 1 |
| 6. | ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ബാലുശ്ശേരി | 1 : 1 |
| **വയനാട് ജില്ല** | | |
| **1** | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വയനാട് | 1 : 3 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സുൽത്താൻ ബത്തേരി | 1 : 3 |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാനന്തവാടി | 1 : 3 |
| **കണ്ണൂർ ജില്ല** | | |
| **1** | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ | 1 : 3 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ് | 1 : 3 |
| 3 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി | 1 : 2 |
| 4 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മട്ടന്നൂര് | 1 : 1 |
| **കാസർഗോഡ് ജില്ല** | | |
| **1** | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാസറഗോഡ് | 1 : 3 |
| 2 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹോസ്ദുർഗ് | 1 : 6 |

Kavitha I

**സെക്ഷൻ ഓഫീസർ**